**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VII
## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്
(Presented on 24th July 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

# പതിമൂന്നാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

1131/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി VII
## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
„ എം. ചന്ദ്രൻ, എം.എൽ.എ.
„ പി. കെ. ഗുരുദാസൻ, എം.എൽ.എ.
„ എം. ഹംസ, എം.എൽ.എ.
„ പി. എ. മാധവൻ, എം.എൽ.എ.
„ എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
„ എ. കെ. ശശീന്ദ്രൻ, എം.എൽ.എ.
„ കെ. ശിവദാസൻ നായർ, എം.എൽ.എ.
„ എം. എ. വാഹീദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
„ പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
„ പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ 2011-2012 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 4-1-2012, 6-6-2012, 23-7-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

2012 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ആര്യാടൻ മുഹമ്മദ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2012 ജൂലൈ 24.

# റിപ്പോർട്ട്

2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതിയുടെ 4-1-2012, 6-6-2012, 23-7-2012 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സർക്കാരിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശുപാർശകളുടെ വിവരവും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകളിൽ സമിതി അംഗീകരിച്ചവ സംബന്ധിച്ച വിവരങ്ങളും, രണ്ടാം ഭാഗത്ത് സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരവും ചേർത്തിരിക്കുന്നു.

## ഭാഗം I

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

### ശുപാർശ

2210-01-102-99—ഭരണവിഭാഗം

05-ഓഫീസ് ചെലവുകൾ

വിഹിതം : 10,96,000 രൂപ (നോൺ പ്ലാൻ)

വെള്ളക്കരത്തിന്റെ നിരക്കിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ വെള്ളക്കരം ഇനത്തിൽ 1,10,000 രൂപയും ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചതിനെ തുടർന്ന് വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുതചെലവ് എന്ന ഇനത്തിൽ 15,000 രൂപയും ഉൾപ്പെടെ ആകെ 1,25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിലേയും ഈ വകുപ്പിന്റെ കീഴിൽ ഉള്ള മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേയും വെള്ളക്കരം, വൈദ്യുതി ചാർജ് തുടങ്ങിയവ 2210-01-102-99 എന്ന ശീർഷകത്തിൽ

നിന്നാണ് ചെലവഴിക്കുന്നത്. ഈ ചെലവിനങ്ങളിലായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് കർശനമായ മിതവ്യയം പാലിച്ചതിനാൽ പ്രതീക്ഷിച്ചതിലും കുറഞ്ഞ ചെലവ് മാത്രമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ. ആയതിനാൽ അനുവദിച്ച ബഡ്ജറ്റ് തുകയായ 10.96 ലക്ഷം രൂപയ്ക്കുള്ളിൽ തന്നെ മൊത്തം ചെലവ് നിയന്ത്രിക്കാൻ കഴിഞ്ഞതുമൂലം സമിതി ശുപാർശ ചെയ്തപ്രകാരമുള്ള അധിക തുകയും ആവശ്യം വന്നില്ല.

ശുപാർശ

2210-01-102-98—ഡിസ്പെൻസറികൾ

34-മറ്റു ചെലവുകൾ

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളുടെയും 137 ഡിസ്പെൻസറികളുടെയും പ്രവർത്തനത്തിന് വേണ്ടിയുളളതാണ്. വെളളക്കരം ഇനത്തിൽ 8,00,000 രൂപയും കമ്പ്യൂട്ടർവൽക്കരണത്തെ തുടർന്ന് ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 28,00,000 രൂപയും ഉൾപ്പെടെ 36,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം വൈദ്യുതി ഇനത്തിൽ 17-1-2012-ലെ സ.ഉ. (ആർറ്റി.) നമ്പർ 506/2012/ധന. പ്രകാരം ഇരുപത്തിയഞ്ച് ലക്ഷം രൂപയും വെള്ളക്കരത്തിനായി 13-1-2012-ലെ സ.ഉ. (ആർറ്റി.) നമ്പർ 429/2012/ധന. പ്രകാരം പത്ത് ലക്ഷം രൂപയും അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട് (ആകെ അനുവദിച്ചു നൽകിയ തുക മുപ്പത്തിയഞ്ച് ലക്ഷം രൂപ).

ശുപാർശ

2210-102-96—ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 7,14,76,000 രൂപ (നോൺ പ്ലാൻ)

ഡ്രഗ്സ് & ഡ്രെസ്സിംഗ്സ് എന്ന ഇനത്തിൽ ഇരുപത്തിയെട്ട് ലക്ഷം രൂപയും ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടാകുന്ന ഐ.പി.കളുടെ വർദ്ധനമൂലം ചെലവ് വർദ്ധിക്കുന്നതിനാലും കഴിഞ്ഞ വർഷത്തേതുൾപ്പെടെ ധാരാളം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ തുക നൽകേണ്ടതുള്ളതിനാലും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 169.78 ലക്ഷം രൂപയും ഉൾപ്പെടെ 197.78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ഡ്രഗ്സ് & ഡ്രെസ്സിംഗ്സിനുവേണ്ടി 2011-12-ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ളിൽ നിന്നുള്ള ചെലവേ വന്നിട്ടുള്ളൂ. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുകയായ ഇരുപത്തിയെട്ട് ലക്ഷം രൂപയുടെ ആവശ്യകത വേണ്ടിവന്നിട്ടില്ല. സമിതി ശുപാർശ ചെയ്തതുപ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 17-1-2012-ലെ സ.ഉ. (ആർറ്റി.) നമ്പർ 506/2012/ധന. പ്രകാരം 1,00,00,000 രൂപ (ഒരു കോടി രൂപ) അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 44,76,000 രൂപ (നോൺ പ്ലാൻ)

കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിന് ഓഫീസ് ചെലവുകൾ ഇനത്തിൽ 33,500 രൂപയും ശമ്പളപരിഷ്ക്കരണം നടപ്പാക്കിയതുമൂലം വന്ന അധികച്ചെലവ് പരിഗണിച്ച് വേതനം ഇനത്തിൽ 25,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 6,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ ഇൻഷ്വറൻസ് പ്രീമിയം കുടിശ്ശിക ആയിട്ടുള്ള ബില്ലുകൾ അടവു വരുത്തുന്നതിനായി 15,000 രൂപയും ഉൾപ്പെടെ 79,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

14-9-2011-ലെ സ.ഉ. (സാധാ.) നമ്പർ 6988/2011/ധന. ഉത്തരവ് പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിന് 34,000 രൂപയും 9-1-2012-ലെ സ.ഉ. (സാധാ.)നമ്പർ 251/2012/ധന. ഉത്തരവ് പ്രകാരം 02 വേതന ഇനത്തിൽ 30,000 രൂപയും ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 8,000 രൂപയും 7-1-2012-ലെ സ.ഉ.(സാധാ.) നമ്പർ 223/2012/ധന. പ്രകാരം മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണിയും ഇനത്തിൽ 15,000 രൂപയും ചേർത്ത് 79,800 രൂപ അനുവദിക്കുകയും ശുപാർശ 7 പൂർണ്ണമായി നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം : 40,92,000 രൂപ (നോൺ പ്ലാൻ)

കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ശമ്പളപരിഷ്ക്കരണംമൂലം ഉണ്ടായ അധിക ബാദ്ധ്യത നേരിടുന്നതിന് വേതനം ഇനത്തിൽ 12,000 രൂപയും യാത്രാചെലവുകൾ ഇനത്തിൽ യാത്രാബത്ത പരിഷ്ക്കരിച്ചതിനാലും ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധിക ചുമതല വഹിക്കുന്നതിനാലും 60,000 രൂപയും ഓഫീസ് ചെലവുകളിൽ ഇന്റർനെറ്റ് കണക്ഷനെടുത്തതിനാൽ ടെലഫോൺ

ചെലവ് ഇനത്തിൽ 3,000 രൂപയും മറ്റിനങ്ങൾക്കായി 30,000 രൂപയും റെക്കോർഡ് റൂം നിർമ്മിക്കുന്നതിനും ഫർണിച്ചർ മാറ്റി ഓഫീസ് ആധുനികവൽക്കരിക്കുന്നതിനും 1,00,000 രൂപയും ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധികച്ചുമതല വഹിക്കുന്നതിനാൽ പി.ഒ.എൽ. ഇനത്തിൽ 1,13,000 രൂപയും ഉൾപ്പെടെ ആകെ 3.18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2-11-2011-ലെ സ.ഉ. (സാധാ.) നമ്പർ 8037/2011/ധന. ഉത്തരവ് പ്രകാരം യാത്രാബത്ത ഇനത്തിൽ 80,000 രൂപയും 29-3-2012-ലെ 2854/12/ധന. പ്രകാരം ടെലഫോൺ ചാർജ്ജിനത്തിൽ 4,000 രൂപയും 2-11-2012-ലെ സ.ഉ.(സാധാ.) നമ്പർ 8035/2011/ധന. പ്രകാരം പി.ഒ.എൽ. ഇനത്തിൽ 1 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഓഫീസ് ആധുനികവത്കരിക്കുന്നതിനുള്ള തുക 2011-2012 ബഡ്ജറ്റിൽ അനുവദിക്കാൻ കഴിയാത്തതിനാൽ പുതുക്കിയ ശുപാർശ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ശുപാർശ 8-ലെ ഭൂരിഭാഗം നിർദ്ദേശങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

ശുപാർശ

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

വിഹിതം : 37,88,000 രൂപ (നോൺ പ്ലാൻ)

കൊല്ലം ലേബർ കോടതിയുടെ ശമ്പള ഇനത്തിൽ 1,00,000 രൂപയും മറ്റ് അലവൻസുകൾക്ക് 73,000 രൂപയും വേതനം ഇനത്തിൽ 75,000 രൂപയും ടെലിഫോൺ ചെലവിനത്തിൽ 25,000 രൂപയും മറ്റിനങ്ങൾക്കായി 50,000 രൂപയും ഉൾപ്പെടെ 3.23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

7-1-2012-ലെ സ.ഉ. (സാധാ.) നമ്പർ 224/12/ധന. പ്രകാരം വേതനം ഇനത്തിൽ 30,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 31,33,000 രൂപ (നോൺ പ്ലാൻ)

കോഴിക്കോട് ലേബർ കോടതിക്ക് വേതനം ഇനത്തിൽ 26,000 രൂപയും വൈദ്യുതി ചെലവിനത്തിൽ 15,000 രൂപയും ഉൾപ്പെടെ 41,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

7-1-2012-ലെ സ.ഉ. (സാധാ.) നമ്പർ 222/12/ധന, 24-3-2012-ലെ സ.ഉ.(സാധാ.) നമ്പർ 2542/12/ധന എന്നിവ പ്രകാരം വേതനം ഇനത്തിൽ 26,000 രൂപയും വൈദ്യുതി ചെലവിനത്തിൽ 13,000 രൂപയും ചേർത്ത് ശുപാർശ ചെയ്ത 41,000 രൂപയിൽ 39,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 39,41,000 രൂപ (നോൺ പ്ലാൻ)

എറണാകുളം ലേബർ കോടതിക്ക് മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 20,000 രൂപയും റിട്ടയർ ചെയ്ത പ്രിസൈഡിംഗ് ഓഫീസർക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതിലേക്കായി പ്രസ്തുത ഇനത്തിൽ 17,950 രൂപയും ഉൾപ്പെടെ 37,950 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം തൊഴിൽ കോടതി ട്രാൻസ്ഫർ ഗ്രാന്റിനത്തിൽ 10,000 രൂപ മതിയെന്ന് അഭ്യർത്ഥിച്ചതിനെ തുടർന്ന് 21-7-2011-ലെ സ.ഉ. (സാധാ.) നമ്പർ 5751/11/ധന. പ്രകാരം തുടർന്ന് ടി ശീർഷകത്തിൽ 10,000 രൂപ അനുവദിച്ചിട്ടുണ്ട്. 2011-2012 സാമ്പത്തികവർഷത്തിൽ അനുവദിച്ചിരുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-01-101-89—ലേബർ കോടതി, കണ്ണൂർ

വിഹിതം : 36,47,000 രൂപ (നോൺ പ്ലാൻ)

കണ്ണൂർ ലേബർ കോടതിക്ക് ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 30,000 രൂപയും വെള്ളക്കരം ഇനത്തിൽ 2,000 രൂപയും പ്രിസൈഡിംഗ് ഓഫീസർക്ക് കോഴിക്കോട്, കൊല്ലം, എറണാകുളം തൊഴിൽ കോടതികളുടെ അധികച്ചുമതല കൂടി ഉള്ളതിനാൽ പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനാൽ മറ്റിനത്തിൽ 90,000 രൂപയും ഉൾപ്പെടെ 1.72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

22-9-2011-ലെ സ.ഉ. (സാധാ.) നമ്പർ 7122/11/ധന. പ്രകാരം ട്രാൻസ്ഫർ ടി. എ. ഇനത്തിൽ 21,000 രൂപയും വാട്ടർ ചാർജ്ജസ് ഇനത്തിൽ ശുപാർശ ചെയ്ത

മുഴുവൻ തുകയായ 2,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും അനുവദിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്.

ശുപാർശ

2230-01-101-85—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 49,26,000 രൂപ (നോൺ പ്ലാൻ)

പാലക്കാട് ട്രിബ്യൂണലിന് വാടക കുടിശ്ശിക അനുവദിക്കുന്നതിലേക്കായി 16,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശ ചെയ്തതിൻപ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 16,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അതിനാൽ ശുപാർശ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതാണ്.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ശുപാർശ

2230-01-103-96—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 52,00,000 രൂപ (നോൺ പ്ലാൻ)

ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 55000-ൽ അധികം പെൻഷനേഴ്സ് ഉള്ള കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ, 12 മാസത്തെ പെൻഷൻ 400 രൂപ നിരക്കിൽ മണിയോർഡർ കമ്മീഷൻ ഉൾപ്പെടെ നൽകുന്നതിന് വേണ്ടിവരുന്ന 2772 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

2011-ാമാണ്ട് ആഗസ്റ്റ് 31-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1290/2011/തൊഴിൽ പ്രകാരം 8,60,07,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി ടി ശീർഷകത്തിൽ ലഭ്യമാക്കുകയും ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ 13,80,07,000 രൂപ (പതിമൂന്ന് കോടി എൺപത് ലക്ഷത്തി ഏഴായിരം രൂപ) ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള 6 മാസക്കാലത്തേക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

ശുപാർശ

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

വിഹിതം : 85,00,000 രൂപ (നോൺ പ്ലാൻ)

മരം കയറ്റത്തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതന് 50,000 രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകി വരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 77 ലക്ഷം രൂപ ജനുവരി 2010 വരെയുള്ള അപേക്ഷകൾക്ക് മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. 2010 ഫെബ്രുവരി മുതൽ 2012 മാർച്ച് വരെയുള്ള അപേക്ഷകൾക്ക് ആനുകൂല്യം നൽകുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

മരംകയറ്റ തൊഴിലാളികൾക്ക് ജൂലൈ 2011 വരെയുള്ള എക്സ് ഗ്രേഷ്യാ സാമ്പത്തിക സഹായം നൽകുന്നതിലേക്കായി 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് (85 ലക്ഷം രൂപ) പുറമേ 1,00,30,000 (ഒരു കോടി മുപ്പതിനായിരം രൂപാ മാത്രം) അഡീഷണൽ ആതറൈസേഷൻ വഴി (ആകെ 1,85,30,000 രൂപ) 2-9-2011-ലെ സ.ഉ.(എംഎസ്.) 144/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നീക്കിയിരുപ്പുള്ള ബാക്കി തുക വിതരണം ചെയ്യുന്നതിന് 16-11-2011-ലെ സ.ഉ.(സാധാ.) 1745/11/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിട്ടുണ്ട്. 2012 മാർച്ച് വരെയുള്ള സഹായം നൽകുന്നതിനായിട്ടാണ് രണ്ടുകോടി രൂപ ആവശ്യപ്പെട്ടിരുന്നതെന്നും 2-9-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്ജറ്റ് വിഹിതമുൾപ്പെടെ 1,85,30,000 രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ തുക ആവശ്യമായി വരുകയുള്ളൂവെന്നും ലേബർ കമ്മീഷണർ അറിയിച്ചിരിക്കുന്നു. 2011-12 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 2012-13 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതി

വിഹിതം : 28,00,000 രൂപ (നോൺ പ്ലാൻ)

ക്ഷേമ പെൻഷനുകൾ 100 രൂപകൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 1500-ൽ അധികം പെൻഷനേഴ്സുള്ള കേരള കൈത്തറി ക്ഷേമനിധി ബോർഡിൽ പെൻഷൻ ഇനത്തിൽ 6 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

2011-ാമാണ്ട് സെപ്റ്റംബർ 2-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1306/2011/തൊഴിൽ പ്രകാരം 2,30,84,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി ടി ശീർഷകത്തിൽ ലഭ്യമാക്കുകയും ബഡ്ജറ്റ് വിഹിതം ഉൾപ്പെടെ 2,31,84,000 രൂപ (രണ്ട് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി എൺപത്തിനാലായിരം രൂപ) ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള 6 മാസക്കാലത്തേക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നതിന് അനുമതി നൽകുകയുണ്ടായി.

ശുപാർശ

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം : 10,00,000 രൂപ (നോൺ പ്ലാൻ)

മറ്റ് ക്ഷേമനിധിയുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനമാണ് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. അംശദാനം നൽകുന്നതിന് 39,82,000 രൂപ ആവശ്യമുണ്ട്. ആയതിനാൽ 29.82 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ഫൈനൽ SDG കഴിഞ്ഞതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 2011-12 സാമ്പത്തിക വർഷം പരിഗണിക്കാനായില്ല. 2012-2013 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാനായി പുതിയ പ്രൊപ്പോസൽ നൽകുവാൻ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയോടാവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ പദ്ധതികളും

വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

16048 പെൻഷനേഴ്സുള്ള ഈ സ്ഥാപനത്തിൽ ഒരു വർഷം പെൻഷൻ നൽകുവാൻ 8,08,81,920 രൂപ വേണ്ടിവരും. ആയതിനാൽ 47,33,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള പെൻഷൻകാർക്ക് പെൻഷൻ തുക വിതരണം ചെയ്യുന്നതിനായി 1,33,20,000 രൂപ 2-9-2011-ലെ ജി.ഒ.(എംഎസ്.)143/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചു നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2011-12 ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള 20,00,000 രൂപ 30-3-2012-ലെ ജി.ഒ. (ആർറ്റി.) 487/2012/തൊഴിൽ നമ്പർ പ്രകാരം ബോർഡിന് അനുവദിച്ചു നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെട്ടതിലും അധികമാണ്.

ശുപാർശ

2230-01-103-78—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

വിഹിതം : 7,00,000 രൂപ (നോൺ പ്ലാൻ)

2010-11-ൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക 2010 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകുന്നതിന് മാത്രമേ കഴിഞ്ഞിട്ടുള്ളൂ. 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള പെൻഷന് ആവശ്യമായ 5,89,680 രൂപ ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ചെലവഴിക്കുകയും ആയത് ഇപ്പോൾ അനുവദിച്ചിട്ടുള്ള 7 ലക്ഷം രൂപയിൽ നിന്നും സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ ഇനത്തിൽ 1,10,320 രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. ക്ഷേമ പെൻഷനുകൾ 400 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ 351 തൊഴിലാളികളുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 16,59,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

ബീഡി-ചുരുട്ട്, ഈറ്റ, കാട്ടുവള്ളി തുടങ്ങിയ പെൻഷൻ സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ച സമയത്ത് 2011-12-ലെ അവസാന SDG-ക്ക് അന്തിമ രൂപമായതിനാലും അധിക ചെലവ് അനുവദിച്ചാൽ ക്രമീകരിക്കാനുള്ള സാദ്ധ്യത സേവിംഗ്സിന്റെ അഭാവത്താൽ 2011-12 വർഷം ഇല്ലാത്തതിനാലും പെൻഷൻ ശുപാർശ ഈ വർഷം അംഗീകരിക്കാൻ നിർവ്വാഹമില്ല. ടി ചെലവുകൾ അടുത്ത സാമ്പത്തിക വർഷം (2012-13) ആദ്യം തന്നെ വിനിയോഗിക്കുന്നതാണ്.

ശുപാർശ

2230-01-103-73—കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം

വിഹിതം : 17,00,000 രൂപ (നോൺ പ്ലാൻ)

ക്ഷേമ പെൻഷൻ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 147.17 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ബീഡി-ചുരുട്ട്, ഈറ്റ, കാട്ടുവള്ളി തുടങ്ങിയ പെൻഷൻ സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ച സമയത്ത് 2011-12-ലെ അവസാന SDG-ക്ക് അന്തിമ രൂപമായതിനാലും അധിക ചെലവ് അനുവദിച്ചാൽ ക്രമീകരിക്കാനുള്ള സാദ്ധ്യത സേവിംഗ്സിന്റെ അഭാവത്താൽ 2011-12 വർഷം ഇല്ലാത്തതിനാലും പെൻഷൻ ശുപാർശ ഈ വർഷം അംഗീകരിക്കാൻ നിർവ്വാഹമില്ല. ടി ചെലവുകൾ അടുത്ത സാമ്പത്തിക വർഷം (2012-13) ആദ്യം തന്നെ വിനിയോഗിക്കുന്നതാണ്.

ശുപാർശ

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ്—അംശദാനം

വിഹിതം : 61,00,000 രൂപ (നോൺ പ്ലാൻ)

തൊഴിലാളികളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന അംശദായത്തിന് തുല്യമായ മാച്ചിംഗ് ഗ്രാന്റ് ലഭിക്കുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2010-11-ൽ ഈ ഇനത്തിൽ ബോർഡിന് 7,61,69,506 രൂപ ലഭിച്ചിട്ടുള്ളതിനാൽ തുല്യമായ തുകയ്ക്ക് അർഹതയുണ്ട്. ആയതിനാൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 700.70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ബോർഡിന് സംഭാവനയിനത്തിൽ വകയിരുത്തിയിരുന്ന 61.00 ലക്ഷം രൂപ 7-12-2011-ലെ സ.ഉ. (സാധാ.) 1802/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ബോർഡിന് പിൻവലിച്ച് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 28-1-2011-ലെ 21766/ലെജ്.സി2/09/നിയമം (ഭേദഗതി) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഓരോ സാമ്പത്തിക വർഷവും നൽകുന്ന അംശദായത്തിനു തുല്യമായ ഒരു തുക സർക്കാർ വർഷംതോറും ഗ്രാന്റായി നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത ആക്റ്റ് പ്രകാരം 28-1-2011-ന് ശേഷം പിരിച്ചെടുത്ത അംശദായ വിഹിതത്തിന് തുല്യമായ തുകയാണ് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കുന്നതെന്നും കർഷക തൊഴിലാളികളിൽ നിന്നും അംശദായമിനത്തിൽ ശേഖരിച്ച 7.61 കോടി രൂപ ഈ കാലയളവിന് ശേഷമാണോ പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ചീഫ് എക്സിക്യൂട്ടീവിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പ് 2011-12 സാമ്പത്തിക വർഷങ്ങളിൽ ഈ ഇനത്തിൽ 700.70 ലക്ഷം രൂപ എസ്.ഡി.ജി. ആയി അനുവദിച്ചിട്ടില്ല.

ശുപാർശ

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമബോർഡ്—അംശദാനം

വിഹിതം : 9,10,000 രൂപ (നോൺ പ്ലാൻ)

ക്ഷേമ പെൻഷൻ 100 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 289.45 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

ബീഡി-ചുരുട്ട്, ഈറ്റ, കാട്ടുവള്ളി തുടങ്ങിയ പെൻഷൻ സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ച സമയത്ത് 2011-12-ലെ അവസാന SDG-ക്ക് അന്തിമ രൂപമായതിനാലും അധിക ചെലവ് അനുവദിച്ചാൽ ക്രമീകരിക്കാനുള്ള സാദ്ധ്യത സേവിംഗ്സിന്റെ അഭാവത്താൽ 2011-12 വർഷം ഇല്ലാത്തതിനാലും പെൻഷൻ ശുപാർശ ഈ വർഷം അംഗീകരിക്കാൻ നിർവാഹമില്ല. ടി ചെലവുകൾ അടുത്ത സാമ്പത്തിക വർഷം (2012-13) ആദ്യം തന്നെ വിനിയോഗിക്കുന്നതാണ്.

ശുപാർശ

2230-01-103-61—കേരള ബാർബർ ബ്യൂട്ടീഷൻ ക്ഷേമപദ്ധതി

വിഹിതം : 17,00,000 രൂപ (നോൺ പ്ലാൻ)

927 പെൻഷനേഴ്സ് ഉള്ളതിനാൽ പെൻഷനുമാത്രം 46,72,000 രൂപ ആവശ്യമായി വരും. ആയതിനാൽ 29,72,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക ധനവകുപ്പിൽ ലഭിച്ചപ്പോഴേക്കും 2011-12 സാമ്പത്തിക വർഷത്തെ അവസാന SDG-യ്ക്ക് രൂപം നൽകിക്കഴിഞ്ഞിരുന്നു. ആയതിനാൽ സമിതിയുടെ ശുപാർശ SDG-യിൽ ഉൾപ്പെടുത്താനായില്ല.

ശുപാർശ

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈകൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന സംസ്ഥാനത്തെ എഴുത്തച്ഛൻ, ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ

നിരക്കിൽ പെൻഷൻ നൽകുന്ന ഒരു പദ്ധതിയാണിത്. ഏകദേശം 3384 പെൻഷനേഴ്സ് ഉള്ള ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം നിലവിലെ നിരക്കിൽ പെൻഷൻ നൽകുന്നതിന് 1,70,55,360 രൂപ ആവശ്യമുണ്ട്. കുടിശ്ശിക കൊടുത്ത് തീർക്കുവാൻ 64 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക 2011-12 സാമ്പത്തിക വർഷം SDG-യിൽ ഉൾപ്പെടുത്താനായില്ല.

ശുപാർശ

2230-01-103-35—കേരള ചുമട്ടു തൊഴിലാളി (ചിതറിക്കിടക്കുന്ന വിഭാഗം) ക്ഷേമ പദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിനുകീഴിൽ സംസ്ഥാനത്തെ പല വിഭാഗങ്ങളിലായുള്ള ചുമട്ടു തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയുടെ ചെലവിനുള്ളതാണ്. ഈ ശീർഷക ത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിലുള്ള ചുമട്ടു തൊഴിലാളികൾക്കായി ക്ഷേമ പദ്ധതിയുടെ ചെലവിനായി 2230-01-103-35 (നോൺ പ്ലാൻ) ശീർഷകത്തിൽ സമിതി ശുപാർശ ചെയ്തിട്ടുള്ള 2 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുകയാണ്.

ശുപാർശ

2230-01-103-34—കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യം എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ ശീർഷ കത്തിൽ 1.56 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3-2-2011-ലെ സ.ഉ.(സാധാ.) 189/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2005-06 സാമ്പത്തിക വർഷം വരെ സർക്കാർ ഗ്രാന്റായി ലഭിക്കേണ്ട 1,56,300 രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ തുക റീ-അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു നൽകുവാൻ ലേബർ കമ്മീഷണർ നൽകിയ ശുപാർശയിന്മേൽ 21-1-2012-ലെ സ.ഉ. (സാധാ.) 611/12/ധന. നമ്പർ ഉത്തരവ് പ്രകാരം 2230-01-103-34-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിക്ക് 1,56,000 രൂപ റീ-അപ്രോപ്രിയേഷനിലൂടെ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് ക്രമീകരിക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2230-01-103-27—<u>അവശരായ മരം കയറ്റത്തൊഴിലാളികൾക്കുള്ള പെൻഷൻ സ്കീം</u>

വിഹിതം : 1,25,00,000 രൂപ (പ്ലാൻ)

കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം മരത്തിൽ നിന്നും വീണ് പരിക്ക് ഏൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. അപകടം സംഭവിച്ചാൽ അനാഥമാകുന്ന കുടുംബത്തിന് ഒരു സഹായമായി, അപകടം സംഭവിച്ച തൊഴിലാളികൾക്ക് ശേഷിക്കുന്ന ജീവിതകാലം മുഴുവൻ പെൻഷൻ നൽകുവാനും, മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് സർക്കാർ നിശ്ചയിക്കുന്ന ക്ഷേമപെൻഷനുകളുടെ തുകയിൽ കുറയാത്ത തുക അനുവദിക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1981 മുതൽ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികൾക്ക് ഈ ആനുകൂല്യം കൊടുക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

20-1-2012-ലെ സ.ഉ.(പി) നമ്പർ 10/2012/തൊഴിൽ ഉത്തരവ് പ്രകാരം 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി രൂപീകരിക്കുകയും ഈ ഇനത്തിൽ 2011-12-ലെ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 125 ലക്ഷം രൂപ 20-1-2012-ലെ സ.ഉ.(സാധാ.) നമ്പർ 109/2012/തൊഴിൽ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ആനുകൂല്യത്തിന്റെ പ്രാബല്യം എന്നുമുതൽ നടപ്പിൽ വരുത്തണമെന്നത് സംബന്ധിച്ച് തീരുമാനത്തിനായി 24007/ആർ.2/11/തൊഴിൽ നമ്പർ ഫയൽ സർക്കാരിന്റെ പരിഗണനയിലാണ് എന്ന വിവരം അറിയിക്കുന്നു.

ശുപാർശ

2230-01-103-25—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ

വിഹിതം : 3,30,00,000 രൂപ (നോൺ പ്ലാൻ)

നിലവിൽ കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന പ്രസവാനുകൂല്യം തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളം നിലനിർത്തിക്കൊണ്ടാണ് നൽകുന്നത്. ഈ ആനുകൂല്യം വിവിധ ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത തോതിൽ 500 മുതൽ 3,000 രൂപ വരെയാണ് നൽകുന്നത്. ഇത്തരം ആനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും അർഹതപ്പെട്ട കുറഞ്ഞവേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന 330 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

'അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ' എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തികവർഷം വകയിരുത്തിയിരുന്ന 330 ലക്ഷം രൂപ മാത്രമേ അനുവദിക്കാൻ കഴിഞ്ഞുള്ളൂ. 27-3-2012-ലെ ജി.ഒ. (എംഎസ്.) 52/2012/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരമാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി നടപ്പിൽ വന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിൽവന്നത് എന്നതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ പ്രകാരം അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ

2230-01-103-22—രാഷ്ട്രീയ സ്വസ്ത ഭീമായോജന (25% സംസ്ഥാന സഹായം)

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

പ്രീമിയം തുകയിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ 7 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം ടി ശീർഷകത്തിൽ സംസ്ഥാന വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുള്ള പത്ത് കോടി രൂപ ചെലവഴിച്ചശേഷം അധികമായി വേണ്ടുന്ന തുക സംബന്ധിച്ച് പദ്ധതിയുടെ നോഡൽ ഏജൻസിയായ ചിയാക്കിൽ നിന്നും നിർദ്ദേശം ലഭിക്കുന്നതനുസരിച്ച് ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശുപാർശ</u>

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

വിഹിതം : 31,10,87,000 രൂപ (നോൺ പ്ലാൻ)

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റിലെ പദ്ധതിയിതര ഇനത്തിൽപ്പെട്ട 91 സബ് ഓഫീസുകളുടെയും ഡയറക്ടറേറ്റിന്റെയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, കെട്ടിടവാടക എന്നീ ഇനങ്ങൾക്കു വേണ്ടിയുള്ള തുകയാണിത്. എംപ്ലോയ്മെന്റ് വകുപ്പിലെ 103 ഓഫീസുകളിലും 2010-11-ൽ തന്നെ ടെലിഫോൺ/ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജ്ജിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 11.38 ലക്ഷം രൂപയും കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിവരസാങ്കേതിക വിദ്യ ഇനത്തിൽ 7 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിന് 1,11,77,000 രൂപയും സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 3,30,000 രൂപയും പി. ഒ. എൽ. ഇനത്തിൽ 4,61,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>ശുപാർശ</u>

2230-02-001-98—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 4.59 കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപയ്ക്ക് പുറമെ 359 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2011-12 ബഡ്ജറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കമ്പ്യൂട്ടർവത്കരണത്തിനായി 1 കോടി രൂപ വകയിരുത്തിയിരുന്നു. വിഭവലഭ്യതയുടെ പരിമിതി കാരണം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

ശുപാർശ

2230-01-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/ അവിവാഹിതർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന് 2010-11-ൽ പുതിയതായി അനുവദിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെമാത്രം വരുമാനമുള്ള വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 50% സബ്സിഡിയോടുകൂടി പരമാവധി 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. 2011-12-ലേക്ക് ഈ പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യപ്രാപ്തിക്കായി 350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ശരണ്യ പദ്ധതിക്ക് 350 ലക്ഷം രൂപകൂടി 2011-12 വർഷം അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശയിന്മേൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം (1.5 കോടി) പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞശേഷം അധിക തുക ആവശ്യമെങ്കിൽ അതിനുള്ള ശുപാർശ സമർപ്പിക്കുവാൻ ധനവകുപ്പ് നിർദ്ദേശിച്ചിരുന്നത് എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ശരണ്യ സ്വയം തൊഴിൽ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1.5 കോടി രൂപയിൽ അവസാന ഗഡുവായ 50 ലക്ഷം രൂപ 23-3-2012-ലെ സ.ഉ. (സാധാ.) 445/2012/തൊഴിൽ ഉത്തരവുപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ പ്ലാൻ വിഹിതമായ 1.5 കോടി രൂപ തനത് സാമ്പത്തികവർഷം അവസാനിക്കാറായപ്പോൾ മാത്രമായിരുന്നു മൊത്തമായും അനുവദിച്ചു നൽകിയത്. ആയതിനാൽ അധികതുക 2011-12 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടില്ല.

ശുപാർശ

2230-03-001-97—ആസൂത്രണ നിരീക്ഷണ വിഭാഗം—നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

വിഹിതം : 20,00,000 രൂപ (പ്ലാൻ)

സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ സംസ്ഥാന പ്ലേസ്മെന്റ് സെൽ ആയും പ്രവർത്തിക്കേണ്ടതിനാൽ അതിനാവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇതിനായി 100 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

20 ലക്ഷം രൂപ അനുവദിച്ചതിൽ മാർച്ച് മാസംവരെ 19,99,938 രൂപയെ ചെലവഴിച്ചിട്ടുള്ളൂ. 2011-12 വർഷം അംഗീകരിക്കാത്ത പദ്ധതികൾ 2012-13-ലെ ബഡ്ജറ്റ് ശുപാർശയിൽ ഉൾപ്പെടുത്തിയിരുന്നതിനാൽ അധിക തുക അനുവദിക്കുന്നതിനായി മറ്റ് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-101-87—ഐ. റ്റി. ഐ.കളുടെ നവീകരണം

വിഹിതം : 18,50,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.ടി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ, ആധുനിക യൂണിറ്റുകൾ നവീകരിക്കുക, മുൻവർഷങ്ങളിൽ ആരംഭിച്ച ഐ.ടി.ഐ.കളിൽ അധിക യൂണിറ്റുകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 579.20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

1850 ലക്ഷം രൂപ അനുവദിച്ചതിൽ 2012 മാർച്ച് മാസംവരെ 462 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ആയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-101-80—പുതിയ ഐ. ടി. ഐ. കൾ സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നതിന് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുമായി 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

1131/2012.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.കൾ തുടങ്ങുന്നതിനാവശ്യമായ യന്ത്രോപകരണങ്ങളുടെ സംഭരണം, ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നതിൽ 75 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും 25 ലക്ഷം രൂപ പദ്ധതി ഇനത്തിലും കൂടി ആകെ 100 ലക്ഷം രൂപ അധികമായി എസ്.ഡി.ജി.യിൽ അനുവദിക്കുകയുണ്ടായി.

<u>ശുപാർശ</u>

2230-03-101-79—<u>കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്</u>

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ നവഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണത്തിനും പരിശീലനത്തിനുമായി 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 5 കോടി രൂപയിൽ 1 കോടി രൂപയ്ക്ക് താഴെ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2230-03-101-76—<u>പ്രത്യേക തൊഴിൽ പരിശീലനം</u>

വിഹിതം : 10,00,000 രൂപ (പ്ലാൻ)

വിഹിതം : 69,34,000 രൂപ (നോൺ പ്ലാൻ)

വ്യവസായശാലകളിൽ പ്രവർത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ. ഡിപ്ലോമ, ഡിഗ്രി പാസ്സായവർക്കും ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുന്ന ഈ പരിപാടിക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 67 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

10 ലക്ഷം രൂപ അനുവദിച്ചതിൽ 9,10,224 രൂപ മാത്രമേ 2012 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ ശേഷിക്കുന്ന സംഭരണം 2012-13-ലെ ബഡ്ജറ്റ്

ശുപാർശയിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ അധിക തുക അനുവദിക്കുന്നതിനായി മറ്റ് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്

വിഹിതം : 12,77,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഈ സ്വയം ഭരണസ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 21.17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സ്വീകരിച്ച നടപടി

കില-യ്ക്ക് 2011-12 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12.77 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 60 ലക്ഷം രൂപയും അനുവദിച്ചിരുന്നു. വിഭവദൗർലഭ്യം കാരണം അധിക തുക അനുവദിച്ചിരുന്നില്ല.

ശുപാർശ

2230-03-800-85—എംപ്ലോയ്മെന്റുകളും ഫിനിഷിംഗ് സ്കൂളുകളും

വിഹിതം : 50,00,000 രൂപ (പ്ലാൻ)

തൊഴിലന്വേഷകർക്ക് പ്രാവീണ്യം ലഭ്യമാകുന്ന പരിശീലനം നൽകുന്നതിനുള്ള ഈ പദ്ധതി സംസ്ഥാനത്തെ 14 ഐ.ടി.ഐ.കളിൽ നടപ്പാക്കിവരുന്നു. നിലവിൽ പരിശീലനം നടത്തിവരുന്നവർക്കുൾപ്പെടെ, എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 130 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

50 ലക്ഷം രൂപ അനുവദിച്ചതിൽ 48,41,692 രൂപ മാത്രമെ 2012 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ അധികം തുക അനുവദിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03—സബ്മേജർ ഹെഡ്—03—പരിശീലനം

പദ്ധതിയിതര ചെലവുകൾ

2230-03 സബ്മേജർ ഹെഡ്ഡിൽ പദ്ധതിയിതര ചെലവുകളിൽ അധികമായി 12,03,54,000 രൂപ താഴെ പറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

02— വേതനം

| | | | |
|---|---|---|---|
| 2230-03-001-99 | .. | 9,000 | |
| ആകെ | .. | 9,000 രൂപ | 9,000 രൂപ |

സ്വീകരിച്ച നടപടി

6-9-2011-ലെ ജി.ഒ. (ആർടി.) 6868/11/ഫിൻ. ഉത്തരവ് പ്രകാരം 1,00,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

04— യാത്രാചെലവുകൾ

2230-03-001-99 .. 2,05,000

സ്വീകരിച്ച നടപടി

2-2-2012-ലെ ജി.ഒ. (ആർടി.) 972/12/ഫിൻ. ഉത്തരവ് പ്രകാരം 75,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

2230-03-001-99 .. 6,000

സ്വീകരിച്ച നടപടി

29-3-2012-ലെ ജി.ഒ. (ആർടി.) 2832/12/ഫിൻ. ഉത്തരവ് പ്രകാരം 5,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

2230-03-101-99 .. 17,47,000

സ്വീകരിച്ച നടപടി

25-2-2012-ലെ ജി.ഒ. (ആർടി.) 1704/12/ഫിൻ. ഉത്തരവ് പ്രകാരം 10,00,000 രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു.

2230-03-101-98 .. 38,000

സ്വീകരിച്ച നടപടി

29-3-2012-ലെ ജി.ഒ. (ആർടി.) 2832/12/ഫിൻ. ഉത്തരവ് പ്രകാരം 83,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

2230-03-101-96 .. 48,000

<u>സ്വീകരിച്ച നടപടി</u>

2-2-2012-ലെ ജി.ഒ. (ആർടി.) 972/12/ഫിൻ. ഉത്തരവ് പ്രകാരം 43,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

2230-03-101-76 .. 13,000

<u>സ്വീകരിച്ച നടപടി</u>

29-3-2012-ലെ ജി.ഒ. (ആർടി.) 2832/12/ഫിൻ. ഉത്തരവ് പ്രകാരം 40,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

2230-03-102-99 .. 40,000

ആകെ .. 20,97,000 രൂപ 21,06,000 രൂപ

<u>സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

05— <u>ഓഫീസ് ചെലവുകൾ</u>

2230-03-001-99 .. 1,80,000

<u>സ്വീകരിച്ച നടപടി</u>

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

2230-03-001-98 .. 7,000

<u>സ്വീകരിച്ച നടപടി</u>

2-2-2012-ലെ ജി.ഒ. (ആർടി.) 972/12/ഫിൻ. ഉത്തരവ് പ്രകാരം 25,000 രൂപയും 6-9-2011-ൽ ജി.ഒ. (ആർടി.) 6868/11/ഫിൻ. ഉത്തരവ് പ്രകാരം 1,000 രൂപയും റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

2230-03-101-99 .. 13,72,000

<u>സ്വീകരിച്ച നടപടി</u>

6-9-2011-ൽ ജി.ഒ. (ആർടി.) 6868/11/ഫിൻ. ഉത്തരവ് പ്രകാരം 4,00,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

| | | | |
|---|---|---|---|
| 2230-03-101-98 | .. | 9,000 | |
| 2230-03-101-96 | .. | 37,000 | |
| 2230-03-101-76 | .. | 2,000 | |
| 2230-03-102-99 | .. | 33,000 | |
| ആകെ | .. | 16,40,000 രൂപ | 37,46,000 രൂപ |

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

06— വാടക, കരം, നികുതി

| | | | |
|---|---|---|---|
| 2230-03-102-99 | .. | 3,55,000 | |
| ആകെ | .. | 3,55,000 രൂപ | 41,01,000 രൂപ |

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

12— സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

| | | | |
|---|---|---|---|
| 2230-03-101-99 | .. | 23,88,000 | |
| 2230-03-101-98 | .. | 1,83,000 | |
| 2230-03-101-96 | .. | 50,000 | |
| ആകെ | .. | 26,21,000 രൂപ | 67,22,000 രൂപ |

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

17— ചെറുകിട മരാമത്ത് പണികൾ

2230-03-001-99 .. 9,30,00,000

ആകെ .. 9,30,00,000 രൂപ 9,97,22,000 രൂപ

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

21— മോട്ടോർ വാഹനങ്ങൾ

2230-03-001-99 .. 10,33,000

ആകെ .. 10,33,000 രൂപ 10,07,55,000 രൂപ

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

28— തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

2230-03-101-98 .. 12,000

2230-03-101-96 .. 5,000

2230-03-102-99 .. 1,75,000

ആകെ . 1,92,000 രൂപ 10,09,47,000 രൂപ

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

34— മറ്റ് ചെലവുകൾ

2230-03-001-99 .. 4,40,000

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

2230-03-101-99 .. 1,68,67,000

സ്വീകരിച്ച നടപടി

2-2-2012 -ലെ ജി.ഒ. (ആർ.ടി) 972/12/ഫിൻ. ഉത്തരവ് പ്രകാരം 3,00,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു.

| | | | |
|---|---|---|---|
| 2230-03-101-98 | .. | 4,22,000 | |
| 2230-03-101-96 | .. | 2,55,000 | |
| 2230-03-101-76 | .. | 10,000 | |
| 2230-03-102-99 | .. | 13,01,000 | |
| ആകെ | .. | 1,92,95,000 രൂപ | 12,02,42,000 രൂപ |

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

45— പി.ഒ.എൽ.

| | | | |
|---|---|---|---|
| 2230-03-001-99 | .. | 53,000 | |
| 2230-03-101-99 | .. | 53,000 | |
| 2230-03-001-98 | .. | 6,000 | |
| ആകെ | .. | 1,12,000 രൂപ | 12,03,54,000 രൂപ |

സ്വീകരിച്ച നടപടി

ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധിക തുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

## പൊതു ശുപാർശകൾ

ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ (പുതിയ സ്കീം)

ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ, ഫോൺലൈൻ, ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ രൂപീകരിക്കുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളും അനുബന്ധസാധനങ്ങളും

വാങ്ങുന്നതിനും സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും സൗകര്യം ഒരുക്കുന്നതിനുമായി 71 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

ടി പദ്ധതി 2012-13 വർഷത്തെ ബഡ്ജറ്റ് ശുപാർശയിൽ ഉൾപ്പെടുത്തിയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ 2011-12 വർഷം സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

കൊല്ലത്തും എറണാകുളത്തും റീജിയണൽ ഡയറക്ടറേറ്റ്

സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിൽ 38 ഐ.ടി.ഐ.കൾ പുതിയതായി പ്രവർത്തനം ആരംഭിക്കുകയും 7 ഐ.ടി.ഐ.കൾ ഒന്നാംനിര ഐ.ടി.ഐ.കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്ത് 500-ൽ അധികം ഐ.റ്റി.സി.കളും പ്രവർത്തിക്കുന്നു. ഇക്കാര്യങ്ങളാൽ ഡയറക്ടറേറ്റിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിനും വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടി കൊല്ലത്തും എറണാകുളത്തും ഓരോ മേഖലാ കേന്ദ്രം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-13 വർഷത്തെ ബഡ്ജറ്റ് ശുപാർശയിൽ എറണാകുളത്ത് റീജിയണൽ ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് ശുപാർശകൾ ഉൾപ്പെടുത്തിയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഒന്നും 2011-12 വർഷം സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധിക തുക അനുവദിച്ചിട്ടില്ല.

(ഖണ്ഡിക 50)

ശുപാർശ

ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങൾ

ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, സംസ്ഥാന ഐ.ടി. സ്കൂളുമായി സഹകരിച്ച്, സംസ്ഥാനത്തെ 30 ഐ. ടി. ഐ.കളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സ്വീകരിച്ച നടപടി

2011-12 വർഷം ഐ.ടി.ഐ.കളിൽ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതിന് വകയിരിത്തിയിരുന്ന തുക ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ അനുമതി നൽകി

യതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുക അനുവദിച്ചിട്ടില്ല.

ശുപാർശ

**ഒഡെപെക്**

ഒഡെപെക്കിന് കാലാകാലങ്ങളായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തുന്നില്ല. ടിക്കറ്റ് വിറ്റുകിട്ടുന്ന പണവും, റിക്രൂട്ട്മെന്റിന് ലഭിക്കുന്ന ചെറിയ കമ്മീഷനും കൊണ്ടാണ് ഈ സ്ഥാപനം നിലനിർത്തിക്കൊണ്ടുപോകുന്നത്. സമൂഹത്തിന് വളരെയധികം ഗുണം ചെയ്യുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്ക് ആവശ്യമായ പരിഗണന ഒഡെപെക്കിന് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

ഒഡെപെക് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവദൗർലഭ്യം കാരണം ബഡ്ജറ്റിൽ തുക വക കൊള്ളിക്കാൻ കഴിഞ്ഞിരുന്നില്ല.

ഊർജ്ജവകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

ശുപാർശ

2801-80-101-99—വിദ്യുച്ഛക്തി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യ സഹായം

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽ നിന്നും ഒഴിവാക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന ബാദ്ധ്യത നികത്തുന്നതിന് ആവശ്യമായ തുക സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സ്വീകരിച്ച നടപടി

120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതുമൂലം 2011 ഒക്ടോബർ 1 മുതൽ 6 മാസത്തേയ്ക്ക് സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന അധിക ബാദ്ധ്യത നികത്തുന്നതിന് 54.6 കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിക്കുന്നതിന് 24-9-2011-ലെ (എംഎസ്.) 35/11/ഊ.വ. നമ്പർ ഉത്തരവുപ്രകാരം സർക്കാർ തീരുമാനിച്ചിരുന്നു. ടി തുക എത്രയും പെട്ടെന്ന് അനുവദിച്ചു നൽകണമെന്ന സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2011 ഒക്ടോബർ മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ ആയത് ഉൾപ്പെടുത്തുകയും

25-11-2011-ലെ സ. ഉ. (സാധാ.) നമ്പർ 278/2011/ഊ.വ. പ്രകാരം ടി തുക വൈദ്യുതി ബോർഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2801-80-101-94—കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യ സഹായം

സാമൂഹ്യ ബാദ്ധ്യത കണക്കിലെടുത്ത്, കൂടിയ വിലയ്ക്ക് വിദ്യുച്ഛക്തി വാങ്ങി കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകിവരുന്ന ബോർഡിന്റെ റവന്യൂ കമ്മി നികത്തുന്നതിന് ആവശ്യമായ തുക വൈദ്യുതി ബോർഡിന് സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിനെ 1956-ലെ കമ്പനീസ് ആക്ടിന്റെ പരിധിയിലുള്ള ഒരു കമ്പനിയായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എസ്. ആർ. ഒ. നമ്പർ 990/08 ആയി പുറപ്പെടുവിച്ചിട്ടുള്ള 25-9-2008-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 37/2008/ഊ. വ. പ്രകാരം, വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിരുന്നു. ബോർഡിന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതകളുടെ അവലോകനത്തിന്റെയും അന്തിമ ബാദ്ധ്യതകളുടെ (terminal liabilities) മൂല്യനിർണ്ണയത്തിന്റെയും അടിസ്ഥാനത്തിൽ 16-10-2009-ലെ കത്തുപ്രകാരം ബോർഡ് കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (പുനർനിക്ഷിപ്തമാക്കൽ) സർക്കാരിന് അംഗീകാരത്തിന് സമർപ്പിച്ചു.

ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതു സംബന്ധിച്ച വൈദ്യുതി ബോർഡിന്റെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുകയും, 3-11-2011-ലെ ജി. ഒ. (എംഎസ്.) നമ്പർ 42/11/ഊ.വ. പ്രകാരം സർക്കാർ കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (പുനർനിക്ഷിപ്തമാക്കൽ)-ന് തത്വത്തിൽ അംഗീകാരം നൽകുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന് 3024 കോടി രൂപ അന്തിമ ബാദ്ധ്യതകൾ (terminal liability) തീർക്കുന്നതിലേക്കുള്ള ധനസഹായം നൽകുമെന്നും നിയമപരവും ധനപരവുമായ വസ്തുതകളിന്മേലുള്ള പരിശോധനകൾക്കുശേഷം കൈമാറ്റ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതാണെന്നും ഉത്തരവാകുകയും ചെയ്തു. ഈ ഉത്തരവിലെ ഖണ്ഡം 8(ii) പ്രകാരം വൈദ്യുതി ബോർഡിന് സർക്കാരിൽ നിന്ന് 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ 65-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക സഹായമൊഴികെ ഏതെങ്കിലും സാമ്പത്തിക സഹായമോ ഗ്രാന്റോ മേലിൽ അനുവദിക്കുന്നതല്ലെന്നും തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 1-6-2011-ലെ ഉത്തരവുപ്രകാരം 2011-12 വർഷത്തേക്ക് ബോർഡിന്റെ റവന്യൂ കമ്മി ആയി

നിജപ്പെടുത്തിയിട്ടുള്ള 887.81 കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിക്കണമെന്ന് 18-11-2011-ലെ കത്തുപ്രകാരം വൈദ്യുതി ബോർഡ് അഭ്യർത്ഥിക്കുകയും ആയത് ഈ വകുപ്പിന്റെ ശുപാർശയോടുകൂടി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 42/11/പി.ഡി. പ്രകാരം കെ.എസ്.ഇ.ബി.ക്ക് കൂടുതലായി തുക അനുവദിക്കേണ്ടതില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി.

വൈദ്യുതി ബോർഡ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ് എന്നതും നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിലെ നിക്ഷേപത്തേയും വികസന പ്രവർത്തനങ്ങളേയും മറ്റും പ്രതികൂലമായി ബാധിക്കുന്നു എന്നതും കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷൻ 2011-12 വർഷത്തേക്ക് കണക്കാക്കിയിട്ടുള്ള 887.81 കോടി രൂപ വരുന്ന റവന്യൂ കമ്മിയുടെ ഒരു ഭാഗം നികത്തുന്നതിന് 300 കോടി രൂപ അനുവദിക്കാനുള്ള ഒരു നിർദ്ദേശം വീണ്ടും ഈ വകുപ്പ് ധനവകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:

"2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി 3-11-2011-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.) നമ്പർ 42/2011/ഊ.വ. ഉത്തരവിലെ ഖണ്ഡിക 8 (ii) പ്രകാരം നിർദ്ദേശം സ്വീകാര്യമല്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".

ധനവകുപ്പിന്റെ നിർദ്ദേശം മറികടന്നുകൊണ്ട് വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മിയുടെ ഒരു ഭാഗം നികത്തുന്നതിന് 300 കോടി രൂപ അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഈ വകുപ്പ് ബഹു. മുഖ്യമന്ത്രിയുടെ അനുമതിയോടെ മന്ത്രിസഭ മുമ്പാകെ സമർപ്പിച്ചുവെങ്കിലും ആയത് അംഗീകരിക്കപ്പെട്ടില്ല.

എന്നാൽ 120 യൂണിറ്റിനു താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത നികത്തുന്നതിനായി 2012-13 സാമ്പത്തിക വർഷത്തേക്ക് 50 കോടി രൂപയും സർക്കാർ വകുപ്പുകൾ അടയ്ക്കേണ്ട വൈദ്യുതി ചാർജ്ജ് നൽകുന്നതിന്റെ ഭാഗമായി 2012-13 വർഷത്തിൽ 100 കോടി രൂപയും വൈദ്യുതി ബോർഡിന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശുപാർശ

2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റഗുലേറ്ററി കമ്മീഷൻ

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം കൂടി കണക്കിലെടുത്താൽ സഹായധനം-ശമ്പളം ഇനത്തിൽ അനുവദിച്ചിട്ടുള്ള 57,50,000 രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സഹായധനം.—ശമ്പളേതരം എന്ന ശീർഷകത്തിൽ യാത്രാചെലവിനത്തിൽ 2 ലക്ഷം രൂപയും ഇന്ധന ചെലവിനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി,

ടെലഫോൺ, പ്രിന്റിംഗ്, പോസ്റ്റേജ് എന്നീ ഇനങ്ങൾക്കായി 1 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തനത്തിനായി 1 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

വിവിധ റഗുലേറ്ററി ഫോറങ്ങളിലെ മെമ്പർഷിപ്പ്, കമ്മീഷൻ ആസ്ഥാനം പ്രവർത്തിക്കുന്ന കെ.പി.എഫ്.സി. ഭവന് നൽകേണ്ട നടത്തിപ്പ് ചെലവ് എന്നീ ഇനങ്ങളിലായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ 55, 56, 57 നമ്പർ ഖണ്ഡികകളിലായി വൈദ്യുതി റഗുലേറ്ററി കമ്മീഷന് അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള ആകെ തുകയായ 40 ലക്ഷം രൂപ വകയിരുത്തി അനുവദിക്കണമെന്ന കമ്മീഷൻ സെക്രട്ടറിയുടെ 27-10-2011-ലെ കത്തിലെ നിർദ്ദേശം, ഈ വകുപ്പിന്റെ ശുപാർശയോടുകൂടി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി. എന്നാൽ കെ.എസ്.ആർ.ഇ.സി. തങ്ങളുടെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി കമ്മീഷന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന ശുപാർശ സർക്കാരിന് അംഗീകരിക്കാൻ നിർവ്വാഹമില്ല.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-60-102-98—കർഷകത്തൊഴിലാളി പെൻഷൻ

വിഹിതം : 204,26,25,060 രൂപ (നോൺ പ്ലാൻ)

കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ഗ്രാമപ്പഞ്ചായത്തുകൾ | .. | 193,07,48,400 |
| മുനിസിപ്പാലിറ്റീസ് | .. | 9,59,40,180 |
| കോർപ്പറേഷൻ | .. | 1,59,36,480 |
| ആകെ | .. | 207,26,25,060 രൂപ |

എല്ലാ ക്ഷേമപെൻഷനുകളും 400 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 69,48,20,700 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

കേരള കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടി 2011-12 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 204,26,25,060 രൂപയ്ക്കുപുറമെ 2012 മാർച്ച് മാസംവരെയുള്ള കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് 71,95,23,000 രൂപ അഡീഷണൽ ആതറൈസേഷൻ ആയി അനുവദിച്ച് 20-3-2012-ലെ സ. ഉ. (സാധാ.) നമ്പർ 422/12/തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഭാഗം II**

സമിതിയുടെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പ്

ശുപാർശ

2230-01-001-99—നടത്തിപ്പ്

വിഹിതം : 3,75,27,000 (നോൺ പ്ലാൻ)

വാഹനം വാങ്ങൽ ഇനത്തിൽ 1,000 രൂപ മാത്രമെ വകയിരുത്തിയിട്ടുള്ളു. 10 വർഷത്തിന് മുകളിൽ പഴക്കമുള്ള വാഹനങ്ങളാണ് തൊഴിൽ വകുപ്പിന്റെ കൈവശമുള്ളത്. ഹൈറേഞ്ച് മേഖലകളിൽ പ്രവർത്തിയെടുക്കുന്ന 10 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഉപയോഗിച്ചുവരുന്ന രണ്ട് വാഹനങ്ങൾ 13 വർഷത്തിലേറെ പഴക്കമുള്ളതാണ്. വകുപ്പിൽ 28 വാഹനങ്ങൾ അടിയന്തിരമായി വാങ്ങേണ്ടതുണ്ട്. വാഹനങ്ങൾ ലഭ്യമാകുന്നതോടുകൂടി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരവും കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് അനുസരിച്ചിട്ടുള്ള രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിനും തന്മൂലം റവന്യൂ വരുമാനം 20 കോടി എങ്കിലും അധികം സമാഹരിക്കുന്നതിനും കഴിയും. ആയതിനാൽ ഈ ഇനത്തിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

തൊഴിൽ വകുപ്പിൽ പ്ലാനിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലുമായി 220 കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. ഇവയുടെ വാർഷിക മെയിന്റനൻസ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയ്ക്കായി 3 ലക്ഷം രൂപയും വേതനം ഇനത്തിൽ 3.32 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 36.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

2230-01-001-97—ലേബർ ഓഫീസുകളുടെ ആധുനികവൽക്കരണം

വിഹിതം: 25,00,000 രൂപ (പ്ലാൻ)

ലേബർ ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടറൈസേഷൻ, ട്രെയിനിംഗ്, പർച്ചേസ് ഓഫ് ബുക്ക്സ് തുടങ്ങിയ ഇനങ്ങൾക്കാണ് മേൽ തുക വകയിരുത്തിയിട്ടുള്ളത്. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി വെബ് എനേബിൾഡ് സോഫ്റ്റ്‌വെയറിലേക്ക് മാറുവാൻ തയ്യാറാകുന്ന തൊഴിൽ വകുപ്പിന് സോഫ്റ്റ് വെയർ നിർമ്മാണത്തിന് 14 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

വിഹിതം : 7,31,12,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 04—യാത്രാ ചെലവുകൾ ഇനത്തിൽ 5,00,000 രൂപയും 05—ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1,50,000 രൂപയും 06—വാടക, കരം, നികുതി എന്ന ഇനത്തിൽ 50,000 രൂപയും 21—മോട്ടോർ വാഹനങ്ങൾ എന്ന ഇനത്തിൽ നാല് വാഹനങ്ങൾ വാങ്ങുന്നതിനായി 35 ലക്ഷം രൂപയും 34—മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 80,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

വിഹിതം : 1,05,92,000 രൂപ (നോൺ പ്ലാൻ)

യാത്രാചെലവുകൾ ഇനത്തിൽ 15,000 രൂപയും ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1,00,000 രൂപയും പി. ഒ. എൽ. ഇനത്തിൽ 20,000 രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

2230-01-103-79—കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

2230-01-103-62—<u>പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും പഠനോപകരണങ്ങൾ വാങ്ങുന്നതിനും ഉന്നത വിദ്യാഭ്യാസം, ആരോഗ്യം എന്നീ കാര്യങ്ങൾക്കുംവേണ്ടി ചെലവഴിക്കാനുള്ളതാണ്. ഒരു സാമൂഹ്യസുരക്ഷാ ക്ഷേമപദ്ധതിയായ ഇതിലേക്ക് വർഷംതോറും മേൽ നടപടിക്കായി 5 കോടിയിലധികം രൂപ ആവശ്യമായി വരും. ഫണ്ടിന്റെ അഭാവം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. 2010-11-ലെ ചെലവുകൾക്കായി നീക്കിവയ്ക്കേണ്ടുന്ന 4,77,00,000 രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. 2011-12-ൽ ചെയ്യേണ്ടുന്ന പ്രോഗ്രാം കൂടി ചേരുമ്പോൾ ഈ ഇനത്തിൽ ബാദ്ധ്യത 9,00,00,000 രൂപയോളമായി ഉയരും. ഈ ശീർഷകത്തിൽ ടോക്കണായി ഉൾക്കൊള്ളിച്ചിട്ടുള്ള 1,000 രൂപ അപര്യാപ്തമായതിനാൽ 9 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

2230-01-103-32—<u>കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ തൊഴിലാളികളുടെ വിലവിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,800 രൂപ ചെലവ് നിശ്ചയിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തി വിവരശേഖരണം നടത്തിവരികയാണ്. പ്രസ്തുത ശീർഷകത്തിൽ നാളിതുവരെ 23,31,000 രൂപ മാത്രമേ നൽകിയിട്ടുള്ളൂ. നിശ്ചിത കാലഘട്ടത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ താൽക്കാലിക തസ്തിക അനുവദിച്ച് ചെയ്യുന്ന നടപടി ആകയാൽ പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കൂടുതൽ തുക ആവശ്യമായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

2230-02-101-90—<u>സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശക്തിപ്പെടുത്തൽ</u>

വിഹിതം : 20,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളിൽ തെരഞ്ഞെടുത്ത 6 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2010-11-ൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. ബാക്കിയുള്ള 15 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്ക് 2011-12-ലെ

ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3.05 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

വിഹിതം : 40,21,000 രൂപ (നോൺ പ്ലാൻ)

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 27,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

4250-00-201-96—ലേബർ കമ്മീഷണറുടെ ഓഫീസ്—കെട്ടിടം പണിയുന്നതിന്

01—മരാമത്ത് പണികൾ

വിഹിതം : 2,20,00,000 രൂപ (പ്ലാൻ)

ലേബർ കമ്മീഷണറുടെ ഓഫീസ് കെട്ടിടം പണിയുന്നതിന് തിരുവനന്തപുരത്ത് പി.എം.ജി. ജംഗ്ഷനിൽ വികാസ്ഭവൻ ബസ് സ്റ്റാന്റിന് എതിർവശം സർക്കാർ ഭൂമിയിൽ ലേബർ കോംപ്ലക്സ് എന്ന കെട്ടിടം പി.ഡബ്ല്യു.ഡി. നിർമ്മിച്ചുവരികയാണ്. ആകെ 7 നിലകളുള്ള പ്ലാൻ തയ്യാറാക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടത്തിൽ ആദ്യഘട്ടം എന്ന നിലയിൽ നാലുനില പൂർത്തിയാക്കി ഓഫീസ് പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 7 നിലയുടെ നിർമ്മാണപ്രവർത്തനം നടന്നെങ്കിൽ മാത്രമെ ലിഫ്റ്റ് വെൽ, ജനറേറ്റർ റൂം, റീട്ടെയിനിംഗ് വാൾ എന്നിവയുടെ നിർമ്മാണം നടത്തി ഇപ്പോൾ നിലവിൽ നിർമ്മാണം പൂർത്തിയായ നാല് നിലകൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി, പി.ഡബ്ല്യു.ഡി. നൽകിയ എസ്റ്റിമേറ്റ് തുകയായ 6.16 കോടിയിൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 3.96 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

[27-2-2012-ലെ 147-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ൽ ഉൾപ്പെട്ടിരുന്ന ധനാഭ്യർത്ഥന നമ്പർ XVII-ലെ 2810-പുതിയതും

പുനഃസ്ഥാപിക്കാവുന്നതുമായ ഊർജ്ജം, 4810-പുതിയതും പുനഃസ്ഥാപിക്കാവുന്നതുമായ ഊർജ്ജത്തിനുള്ള മൂലധനച്ചെലവ് എന്നീ ശീർഷകങ്ങൾ സബ്ജക്ട് കമ്മിറ്റി VII-ലേക്ക് മാറ്റിയ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ 2011-12-ലെ ഒന്നാമത് റിപ്പോർട്ടിലെ 65, 66 ഖണ്ഡികകളിലെ താഴെപ്പറയുന്ന ശുപാർശകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.]

## സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ 2011-12-ലെ ഒന്നാമത് റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

2810-00-800-94—മീറ്ററിന്റെ നിലവാരം പരിശോധിക്കുന്ന ലബോറട്ടറി ആധുനീകരിക്കൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—130 ലക്ഷം രൂപ

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടികളിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡും ഇന്ത്യൻ സ്റ്റാന്റേർഡ് ബോർഡും നിഷ്കർഷിച്ചിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 130 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ നിലവാരത്തിൽ ലബോറട്ടറി നവീകരിക്കുന്നതിലേക്കായി 270 ലക്ഷം രൂപ അധികമായി ആവശ്യമാണ്. കൂടാതെ ഒൻപത് ജില്ലകളിൽ മാത്രമാണ് നിലവിൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ ഉള്ളത്. അവശേഷിക്കുന്ന 5 ജില്ലകളിൽ കൂടി ഇത്തരം ലബോറട്ടറികൾ സ്ഥാപിക്കുക എന്നത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിലേക്കായി ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപ നിരക്കിൽ 2 കോടി രൂപ ആവശ്യമാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ 330 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

എനർജി മാനേജ്മെന്റ് സെന്റർ

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം—120 ലക്ഷം രൂപ

പദ്ധതിയേതരം—43.11 ലക്ഷം രൂപ

വ്യവസായങ്ങളിലെ ഊർജ്ജസംരക്ഷണ പരിപാടികൾ, എനർജി ഓഡിറ്റ് പഠനോപകരണങ്ങൾ, ഇ.എം.സി.യുടെ നിലവിലുള്ള പശ്ചാത്തല വികസനം, ഇ.എം.സി.യിലെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടികൾ, ഊർജ്ജ ക്ലിനിക്, സ്കൂളുകളിലെയും കോളേജുകളിലേയും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, പൊതുജന ബോധവൽക്കരണ പരിപാടികൾ, ചെറുകിട ജലസേചന പദ്ധതികളുടെ

നവീകരണം, എനർജി കൺസർവേഷൻ ഫണ്ട് തുടങ്ങി സെന്ററിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 395 ലക്ഷം രൂപയും സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളിലേക്ക് പദ്ധതിയേതര ഇനത്തിൽ 133.89 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**ആര്യാടൻ മുഹമ്മദ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*